(സി) രണ്ട് മാസത്തിനുള്ളിൽ ഫൈനൽ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

വഞ്ചിയൂർ വില്ലേജിലെ സ്ഥലം ജോയിന്റ് കൗൺസിലിന് പതിച്ചുകൊടുത്ത നടപടി

61 (2062) ശ്രീ. ബി. വിജയകുമാർ :
ശ്രീമതി റോസമ്മ ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം താലൂക്കിൽ വഞ്ചിയൂർ വില്ലേജിൽ സർവേ 2836-ലെ 33 സെന്റ് സ്ഥലം ജോയിന്റ് കൗൺസിലിന് 1968 മുതൽ കുത്തകപ്പാട്ടത്തിന് നൽകിയിരുന്നോ ;

(ബി) എങ്കിൽ എത്ര വർഷത്തേയ്ക്ക് എന്തു തുകയ്ക്കാണ് പാട്ടത്തിന് നൽകിയത് ;

(സി) പ്രസ്തുത ഉത്തരവിന്റെ പകർപ്പ് മേശപ്പുറത്ത് വയ്ക്കുമോ ;

(ഡി) ഈ വസ്തു പാട്ടത്തിന് നൽകിയത് എന്തു വ്യവസ്ഥകൾ പ്രകാരമാണ് ;

(ഇ) പ്രസ്തുത വ്യവസ്ഥകൾ ജോയിന്റ് കൗൺസിൽ പാലിച്ചിട്ടുണ്ടോ ;

(എഫ്) ഇപ്പോൾ പ്രസ്തുത സ്ഥലം ജോയിന്റ് കൗൺസിലിന് പതിച്ചു നൽകിയിട്ടുണ്ടോ ; എങ്കിൽ എന്തു വിലയ്ക്കാണ് പതിച്ചു നൽകിയത് ;

(ജി) ഈ വസ്തുവിന് ഇപ്പോഴത്തെ മാർക്കറ്റ് വില അനുസരിച്ചു എന്തു വില വരുമെന്ന് വ്യക്തമാക്കുമോ ; ഭൂമി പതിച്ചു കൊടുത്ത സർക്കാർ ഉത്തരവിന്റെ പകർപ്പ് മേശപ്പുറത്ത് വയ്ക്കുമോ ?

ഉത്തരം

(എ) 24-4-1952 മുതൽ 25-4-1954 വരെ അന്നത്തെ സർവ്വീസ് സംഘടനയായ എൻ.ജി.ഒ. അസോസിയേഷന്റെ പ്രസിഡന്റിന്റെ പേരിൽ കുത്തകപ്പാട്ടം നൽകിയിരുന്നു.

(ബി) 12 വർഷത്തേയ്ക്ക് 2.87 രൂപ ക്രമത്തിൽ.

(സി-ഇ) വിവരം ശേഖരിച്ച് പിന്നീട് അറിയിക്കുന്നതാണ്.

(എഫ്) സൗജന്യപതിവ് വ്യവസ്ഥയിൽ 27-9-1999-ലെ ജി.ഒ. (എം.എസ്.) നം.366/99/റവ. ഉത്തരവ് പ്രകാരം 18-3-2000-ൽ ജോയിന്റ് കൗൺസിൽ ഓഫ് സ്റ്റേറ്റ് സർവ്വീസ് ഓർഗനൈസേഷൻ ജനറൽ സെക്രട്ടറിക്ക് സ്ഥലം കൈമാറിയിട്ടുണ്ട്. പട്ടയം നൽകിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ജി) ഈ വസ്തുവിന് ഇപ്പോഴത്തെ കമ്പോളവില സെന്റൊന്നിന് രണ്ട് ലക്ഷം രൂപ കണക്കാക്കാവുന്നതാണ്. സർക്കാർ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി * ചേർത്തിരിക്കുന്നു.

മലപ്പുറം സിവിൽസ്റ്റേഷനിലെ കംഫർട്ട് സ്റ്റേഷന്റെയും ഇൻഫർമേഷൻ സെന്ററിന്റെയും നിർമ്മാണം

62 (2065) ശ്രീ. എൻ. കണ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം സിവിൽസ്റ്റേഷൻ കോംപൗണ്ടിൽ മാനവീയം പരിപാടികളുമായി ബന്ധപ്പെട്ട് പബ്ലിക് കംഫർട്ട് സ്റ്റേഷൻ നിർമ്മിക്കുന്നതിന് ഏത് സംഘടനയ്ക്കാണ് അനുമതി നല്കിയിട്ടുള്ളത് എന്ന് വെളിപ്പെടുത്തുമോ ;

(ബി) ആ സംഘടന കംഫർട്ട് സ്റ്റേഷൻ നിർമ്മിച്ച് സർക്കാരിന് കൈമാറിയിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ എന്നത്തേയ്ക്ക് കൈമാറുമെന്നാണ് കണക്കാക്കുന്നത് ;

(ഡി) മലപ്പുറം സിവിൽസ്റ്റേഷനിൽ ഇൻഫർമേഷൻ സെന്റർ നിർമ്മിക്കുന്നതിന് ഏതെങ്കിലും സംഘടനയ്ക്ക് അനുമതി നല്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഏത് സംഘടനയ്ക്കാണ് എന്നു വെളിപ്പെടുത്തുമോ ;

(ഇ) ഇൻഫർമേഷൻ സെന്ററർ നിർമ്മാണത്തിനുള്ള വ്യവസ്ഥകൾ എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ ;

(എഫ്) ഇൻഫർമേഷൻ സെന്റർ നിർമ്മിച്ച് സർക്കാരിനു കൈമാറിയിട്ടുണ്ടോ ;

(ജി) പബ്ലിക് കംഫർട്ട് സ്റ്റേഷൻ, ഇൻഫർമേഷൻ സെന്റർ എന്നിവ നിർമ്മിച്ച് സർക്കാരിന് കൈമാറുന്നതിന് എന്തെല്ലാം വ്യവസ്ഥകളാണ് ഇത് സംബന്ധിച്ചുള്ള അനുമതിയിൽ ചേർത്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(എച്ച്) ഇത് സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ഐ) ഇൻഫർമേഷൻ സെന്ററിന്റെ മറവിൽ സർക്കാർ ഭൂമിയും കെട്ടിടവും കളക്ടറേറ്റ് കോംപൗണ്ടിനുള്ളിൽ സർവീസ് സംഘടന കൈവശപ്പെടുത്താനുള്ള സാഹചര്യം ഉണ്ടാകുമോയെന്ന് വെളിപ്പെടുത്തുമോ ;

(ജെ) സർവീസ് സംഘടനകൾ നിർമ്മിച്ച് നൽകുന്ന ഈ സ്ഥാപനങ്ങൾ ഏത് വിധേനയാണ് പ്രവർത്തിപ്പിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) അനുമതി നൽകിയിട്ടില്ല.

(ബി&സി) ചോദ്യം ഉദിക്കുന്നില്ല.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly